2024
JANUARY
24
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ചൈനീസ് 'ചാരക്കപ്പലിന്' നങ്കൂരമിടാൻ അനുമതി നൽകി മാലദ്വീപ്; സൗഹൃദ രാജ്യങ്ങളെ സ്വീകരിക്കുമെന്ന് സർക്കാർ

**മാലെ:** ഇന്ത്യൻ മഹാസമുദ്രത്തിലെ ചൈനയുടെ ചാരക്കപ്പലായി കണക്കാക്കപ്പെട്ടുന്ന 'സിയാൻ യാങ് ഹോങ് 03' അടുത്ത മാസം ആദ്യം തലസ്ഥാനമായ മാലെയിൽ നങ്കൂരമിടുമെന്ന് സ്ഥിരീകരിച്ച് മാലദ്വീപ് സർക്കാർ. മാലദ്വീപിൽ കപ്പൽ ഒരു നിരീക്ഷണവും നടത്തില്ലെന്നും നാവികരുടെ മാറ്റം പോലെയുള്ള നടപടിക്രമങ്ങൾക്കായാണ് ചൈന ക്ലിയറൻസ് ആവശ്യപ്പെട്ടതെന്നും മാലദ്വീപ് സർക്കാർ ഔദ്യോഗിക പ്രസ്താവനയിൽ പറഞ്ഞു.

സൗഹൃദ രാജ്യങ്ങളുടെ കപ്പലുകളെ മാലദ്വീപ് എക്കാലവും സ്വീകരിക്കാറുണ്ടെന്നും സമാധാനപരമായ ആവശ്യങ്ങൾക്കായി തുറമുഖം ആവശ്യപ്പെടുന്ന സ്വകാര്യ, സൈനിക കപ്പലുകൾക്ക് ആതിഥേയത്വം വഹിക്കുന്നത് തുടരുമെന്നും സർക്കാർ വ്യക്തമാക്കി. "ഇത്തരം നടപടി മാലദ്വീപും മറ്റു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുന്നു. സൗഹൃദ രാജ്യങ്ങളിൽ നിന്നുള്ള കപ്പലുകളെ സ്വാഗതം ചെയ്യുന്നത് നൂറ്റാണ്ടുകൾ പഴക്കമുള്ള രാജ്യത്തിന്റെ പാരമ്പര്യം വിളിച്ചോതുകയും ചെയ്യുന്നു" പ്രസ്താവനയിൽ പറഞ്ഞു.

ഫെബ്രുവരി 8ന് ചൈനീസ് വ്യാപാര കപ്പൽ മാലെയിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്തൊനീഷ്യയിലെ ജക്കാർത്ത തീരത്താണ് നിലവിൽ കപ്പലുള്ളത്. "സൗഹൃദ രാജ്യങ്ങളിൽനിന്നുള്ള കപ്പലുകളെ സ്വാഗതം ചെയ്യുന്നു" എന്ന പ്രയോഗം ഇന്ത്യയ്ക്കെതിരായ നേരിട്ടുള്ള ആക്രമണമായും ഇന്ത്യയോട് അകലുന്നതിന്റെയും ചൈനയോട് അടുക്കുന്നതിന്റെയും കൂടുതൽ തെളിവായും നയതന്ത്ര വിദഗ്ധർ കാണുന്നു. .

4,300 ടൺ ഭാരമുള്ള സിയാങ് യാങ് ഹോങ് 03, ഇന്ത്യൻ മഹാസമുദ്രത്തിൽ നിരീക്ഷണം നടത്തുന്ന ചൈനീസ് കപ്പലാണ്. വെള്ളത്തിനടിയിലെ ഭൂകമ്പങ്ങൾ പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയാനും പ്രത്യാഘാതങ്ങൾ ലഘൂകരിക്കാൻ സഹായിക്കുന്ന വിവരങ്ങൾ നൽകാനും ഇത്തരം കപ്പലുകൾക്ക് സാധിക്കും. എങ്കിലും സൈനിക ആവശ്യങ്ങൾക്കായിചാരപ്രവർത്തനത്തിനും ചൈന ഈ കപ്പൽ ഉപയോഗിക്കുന്നതായാണ് വിലയിരുത്തൽ.പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കുറിച്ച് മാലദ്വീപ് മന്ത്രിമാർ നടത്തിയ വിവാദ പരാമർശങ്ങളെ തുടർന്ന് ഇന്ത്യയും മാലദ്വീപും തമ്മിലുള്ള ബന്ധം വഷളായ സാഹചര്യത്തിലാണ് ചൈനീസ് കപ്പലിന് നങ്കൂരമിടാൻ മാലദ്വീപ് അനുമതി നൽകുന്നത്.

## സ്വർണ അനുബന്ധ ഘടകങ്ങൾക്ക് ഇറക്കുമതി നികുതി വർധിപ്പിച്ച് സർക്കാർ

**കൊച്ചി:** സ്വർണാഭരണങ്ങൾ നിർമിക്കുന്നതിനുള്ള അനുബന്ധ ഘടകങ്ങൾക്കും ഇറക്കുമതി നികുതി വർധിപ്പിച്ച് കേന്ദ്രസർക്കാർ. 15 ശതനമാനമാണ് വർധന. മൂക്കുത്തി, കമ്മൽ തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്ന കൊളുത്ത്, സ്ക്രൂ, പിൻ തുടങ്ങിയവയുടെ ഇറക്കുമതി നികുതിയാണ് കൂട്ടിയത്.



വെള്ളി അനുബന്ധ വസ്തുക്കൾക്കും നികുതി വർധന ബാധകമാണ്. പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വന്നു. പുതിയ നിരക്കിൽ 10% അടിസ്ഥാന ഇറക്കുമതി തീരുവയും 5% കാർഷിക, അടിസ്ഥാന സൗകര്യ വികസന സെസുമാണ്. നിലവിൽ സ്വർണത്തിന് 12.5 ശതമാനമാണ് ഇറക്കുമതി തീരുവ. ഇതോടൊപ്പം 2.5% കാർഷിക, അടിസ്ഥാനസൗകര്യ വികസന സെസുമുണ്ട്. അതായത്, മൊത്തം ഇറക്കുമതി നികുതി 15%.

അതേസമയം കൊളുത്ത്, പിൻ, സ്ക്രൂ തുടങ്ങിയ നിർമാണ അനുബന്ധ വസ്തുക്കൾ അസംസ്കൃത വസ്തുക്കൾ എന്ന പേരിൽ ചില വ്യാപാരികൾ ഇറക്കുമതി ചെയ്യുന്നുണ്ടായിരുന്നു. ഇങ്ങനെ ഇറക്കുമതി ചെയ്യുമ്പോൾ നികുതി 5 ശതമാനത്തിലും താഴെയാണ്. ഈ പഴുത് ദുരുപയോഗം ചെയ്ത് ചില വ്യാപാരികൾ സ്വർണാഭരണങ്ങൾ നിർമിക്കുന്നത് ശ്രദ്ധയിൽപ്പെട്ട പശ്ചാത്തലത്തിലാണ് ഇവയുടെ നികുതിയും 15 ശതമാനത്തിലേക്ക് കേന്ദ്രം കൂട്ടിയതെന്നാണ് വിലയിരുത്തൽ. ഇത്തരം വസ്തുക്കളുടെ ഇറക്കുമതി കഴിഞ്ഞ രണ്ട് മാസങ്ങളിലായി കൂടിയത് പരിഗണിച്ചുമാണ് കേന്ദ്ര നടപടി.

അമൂല്യ രത്നങ്ങളുള്ള ആഷിനും 14.35 ശതമാനമായി ഇറക്കുമതി നികുതി കൂട്ടിയിട്ടുണ്ട്. 10% അടിസ്ഥാന കസ്റ്റംസ് തീരുവയും 4.35% കാർഷിക, അടിസ്ഥാനസൗകര്യ വികസന സെസുമാണ്.

അതേസമയം, ഇറക്കുമതി തീരുവ കൂട്ടിയ നടപടി ഉപയോക്താക്കളെ ബാധിക്കില്ല. ഉപയോക്താവ് വാങ്ങുന്ന ആഭരണങ്ങൾക്ക് നിലവിൽ 15% ഇറക്കുമതി തീരുവ തന്നെയാണുള്ളത്. നിയമാനുസൃതമായി 15% ഇറക്കുമതി തീരുവ നൽകി സ്വർണം ഇറക്കുമതി ചെയ്യുന്ന വ്യാപാരികൾക്കും നികുതി വർധന തിരിച്ചടിയല്ല

## കൊച്ചിയിൽ പുതിയ ക്രിക്കറ്റ് സ്റ്റേഡിയം; ബിസിസിഐ അംഗീകാരം

**കൊച്ചി:** കൊച്ചിയിൽ പുതിയ ക്രിക്കറ്റ് സ്റ്റേഡിയം വരുന്നു. ഇതിനായി കേരള ക്രിക്കറ്റ് അസോസിയേഷൻ (കെസിഎ) സംസ്ഥാന സർക്കാരിനു രൂപരേഖ സമർപ്പിച്ചു. കൊച്ചി ചെങ്ങമനാടാണ് പുതിയ സ്റ്റേഡിയം നിർമിക്കുക. ഇവിടെ സ്റ്റേഡിയത്തിനായി കണ്ടെത്തിയ സ്ഥലത്തിന് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിന്റെ (ബിസിസിഐ) അനുമതി ലഭിച്ചതായി കെസിഎ പ്രസിഡന്റ് ജയേഷ് ജോർജ് അറിയിച്ചു.



രാജ്യാന്തര സ്റ്റേഡിയം ഉൾപ്പെടെ മൾട്ടി സ്പോർട്സ് സിറ്റി നിർമിക്കുകയാണ് ലക്ഷ്യമെന്ന് ജയേഷ് ജോർജ് വ്യക്തമാക്കി. ഇതിന്റെ വിശദമായ രൂപരേഖയാണ് കെസിഎ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറിയത്. ക്രിക്കറ്റ് സ്റ്റേഡിയം ഉൾപ്പെടെ 750 കോടി രൂപയുടേതാണ് പദ്ധതി. 'കൊച്ചി സ്പോർട്സ് സിറ്റി' എന്ന പേരിലാണ് പദ്ധതി രൂപരേഖ സർക്കാരിനു സമർപ്പിച്ചത്.

നെടുമ്പാശേരി വിമാനത്താവളത്തിന് അടുത്താണ് പുതിയ സ്പോർട്സ് സിറ്റിക്കായി സ്ഥലം കണ്ടെത്തിയ ചെങ്ങമനാട്. ഇവിടെ 40 ഏക്കർ സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്. രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം ഉൾപ്പെടുന്ന, ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ സ്പോർട്സ് സിറ്റിയാണ് കെസിഎ വിഭാവനം ചെയ്യുന്നത്.

40,000 പേർക്ക് ഇരിക്കാവുന്ന സ്റ്റേഡിയമാണ് രൂപരേഖയിലുള്ളത്. ഇൻഡോർ, ഔട്ട്ഡോർ പരിശീലന സൗകര്യം, പരിശീലനത്തിന് പ്രത്യേക ഗ്രൗണ്ട്, സ്പോർട്സ് അക്കാദമി, റിസർച്ച് സെന്റർ, ഇക്കോ പാർക്ക്, വാട്ടർ സ്പോർട്സ് പാർക്ക്, സ്പോർട്സ് മെഡിസിൻ ആൻഡ് ഫിറ്റ്നസ് സെന്റർ, ഇ സ്പോർട്സ് അരീന, എന്റർടെയ്ൻമെന്റ് സോൺ, ക്ലബ് ഹൗസ് തുടങ്ങിയവയാണ് സ്പോർട്സ് സിറ്റിയിലുണ്ടാകുക.





ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയുടെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി രൂപ കൽപ്പന ചെയ്ത ലോഗോ എറണാകുളത്ത് നടന്ന ചടങ്ങിൽ ചലച്ചിത്ര താരം പത്മശ്രീ ഭരത് മോഹൻലാൽ പ്രകാശനം ചെയ്യുന്നു.എസ്.സാജു, രാഘവൻ,ഡോ.ഇ.പി.എ സന്ദേശ്,ടി.യു. ശ്രീപ്രസാദ് തുടങ്ങിയവർ സമീപം

# നൂറിന്റെ നിറവിൽ ഊരാളുങ്കൽ ; മോഹൻലാൽ ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റിയുടെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി രൂപകൽപ്പന ചെയ്ത ലോഗോ എറണാകുളത്ത് നടന്ന ചടങ്ങിൽ ചലച്ചിത്ര താരം പത്മശ്രീ ഭരത് മോഹൻലാൽ പ്രകാശനം ചെയ്തു. യു.എൽ.സി.സി.എസ് മാനേജിങ് ഡയറക്ടർ എസ്.സാജു, സെന്റിനറി സെലിബ്രേഷൻ കോ-ഓർഡിനേറ്റർ കെ. രാഘവൻ, കെയുഎൽ റിസർച്ച് ഡയറക്ടർ ഡോ. ഇ.പി.എ സന്ദേശ്, തിരുവനന്തപുരം ക്രാഫ്റ്റ് വില്ലേജ് സിഒഒ ടി.യു. ശ്രീപ്രസാദ് തുടങ്ങിയവർ പങ്കെടുത്തു. പ്രമുഖ ചിത്രകാരന്മാരായ റിയാസ് കോമു,കെ കെ മുരളീധരൻ എന്നിവർ ചേർന്നാണ് ലോഗോ രൂപകൽപ്പന ചെയ്തത്.




# കെ.എം.സി.സി സുവർണ്ണജൂബിലി സമാപനവും എക്സ്പോയും നാളെ മുതൽ

**കൊച്ചി:** കേരള മർച്ചന്റ്സ് ചേംബർ ഓഫ് കൊമേഴ്സ് (കെ.എം.സി.സി) സുവർണ്ണജൂബിലി സമാപനവും മർച്ചന്റ്സ് ചേംബർ എക്സ്പോയും നാളെ മുതൽ 28 വരെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുമെന്ന് കെ.എം.സി.സി പ്രസിഡന്റ് കെ.എം മുഹമ്മദ് സഗീർ, ജനറൽ സെക്രട്ടറി ഇക്ബാൽ കല്ലേലിൽ, ട്രഷർ സി.ചാണ്ടി, ഗോൾഡൻ ജൂബിലി ജനറൽ കൺവീനർ എൽ.എ ജോഷി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നാളെ രാവിലെ 11 ന് ചേരുന്ന സമ്മേളനത്തിൽ കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ എക്സ്പോ ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എം.പി,ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ള, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് തുടങ്ങിയവർ പങ്കെടുക്കും. പ്രമുഖ കമ്പനികളുടെ നൂറിലധികം സ്റ്റാളുകൾ എക്സ്പോയിൽ ഉണ്ടാകും. കൺസ്യൂമർ എക്സിബിഷൻ, സെമിനാറുകൾ, കലാ,സാംസ്കാരിക പരിപാടികൾ എന്നിവയും എക്സ്പോയുടെ ഭാഗമായി ഉണ്ടാകും.ഫുഡ് ഫെസ്റ്റിവലും സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി എംപ്ലോയ്മെന്റ് ബ്യൂറോയും എക്സപോയുടെ ഭാഗമായി പ്രവർത്തിക്കും. നാളെ വൈകുന്നേരം നാലിന് തൊഴിലുടമ-തൊഴിലാളി ബന്ധം പുതിയ കാലത്ത് എന്ന വിഷയത്തിലും 26 ന് ഉച്ചകഴിഞ്ഞ് 2.30 ന് എം.എസ്.എം.ഇ പദ്ധതി വഴിയുള്ള സാമ്പത്തിക സഹായം എന്നി വിഷയങ്ങളിൽ സെമിനാർ നടക്കും. 16 ന് വൈകുന്നേരം അഞ്ചിന് സ്ത്രീശാക്തീകരണം എന്ന വിഷയത്തിൽ കെഎംസിസി വിമൻസ് വിംഗ് സംഘടിപ്പിക്കുന്ന ടോക് ഷോയും 27 ന് വൈകുന്നേരം 4.30 ന് കെഎംസിസി യൂത്ത് വിംഗ് സംഘടിപ്പിക്കുന്ന ദി ഗ്രോത്ത് ഗുരു എന്ന ടോക് ഷോയും ഉണ്ടായിരിക്കും.

28 ന് വൈകുന്നേരം മൂന്നിന് വ്യാപാരികളുടെ ഐക്യം എന്ന വിഷയത്തിൽ വിവിധ വ്യാപാര സംഘടനാ നേതാക്കൾ പങ്കെടുക്കുന്ന സംവാദവും നടക്കും. വൈകിട്ട് അഞ്ചിന് ചേരുന്ന സമാപന സമ്മേളനം മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. പ്രമുഖ സംരംഭകരെ ചടങ്ങിൽ ആദരിക്കും. തുടർന്ന് സംഗീത പരിപാടിയും ഉണ്ടായിരിക്കും.കെഎംസിസി യൂത്ത് വിങ് ജനറൽ സെക്രട്ടറി ഗോപാൽ കൃഷ്ണൻ,വനിതാ വിംഗ് പ്രസിഡന്റ് മഞ്ജു അൻവർ തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



# ഫോറം ചെസ്സ് വിസ് 2024 : സ്കൂൾ വിദ്യാർഥികൾക്കായി ചെസ്സ് മത്സരം സംഘടിപ്പിച്ചു

**കൊച്ചി;** കോഗ്നിസെൻസ് അക്കാദമിയും ഫോറം കൊച്ചിയും ചേർന്ന് ' ഫോറം ചെസ്സ് വിസ് 2024 " എന്ന പേരിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ചെസ്സ് മത്സരം സംഘടിപ്പിച്ചു. സംസ്ഥാനത്തി വിവിധ ഭാഗങ്ങളിൽ നിന്നുമായി 5 മുതൽ 16 വരെ പ്രായമുള്ള 232 ൽ പരം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ആൺ കുട്ടികളുടെ വിഭാഗത്തിൽ അരവിന്ദ് പ്രദീപ് കുമാർ നായർ, ഐബൽ ജോസ് ആൽഡ്രിൻ, അദിക് പ്രവീൺ, സിയോൺ അനീഷ് കരിപ്പായി എന്നിവരും പെൺകുട്ടികളുടെ വിഭാഗത്തിൽ ടിങ്കിൾ റിജു, പ്രിയങ്ക രാജൻ, ശ്ലോക സുജിത്ത്, സന വിജേഷ് എന്നിവരും സമ്മാനാർഹരായി. വിജയികൾക്ക് ഫോറം കൊച്ചി എ ജി എം സജേഷ് ചന്ദ്രൻ, ലുലു ഡെയ് ലിയിലെ ഷെരീഫ് ജി.എം., പ്രവീൺ, ദീപ ടി, അനൂപ് രാജ് എന്നിവർ ക്യാഷ് പ്രൈസ്, ട്രോഫി, സർട്ടിഫിക്കറ്റ് തുടങ്ങിയവ സമ്മാനിച്ചു.

# നാവിഗേറ്റ് ഫെബ്രുവരി 29 മുതൽ മാർച്ച് രണ്ടു വരെ ഗോവയിൽ

**കൊച്ചി:** രാജ്യത്തെ റീയൽ എസ്റ്റേറ്റ് രംഗത്തെ മുൻനിര സംഘടനയായ നാർഇന്ത്യയുടെ വാർഷിക കോൺഫറൻസായ നാവിഗേറ്റ് 2024 ഫെബ്രുവരി 29 മുൽ മാർച്ച് രണ്ടു വരെ ഗോവയിൽ നടക്കും. റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രൊഫഷണലുകൾ, രാജ്യത്തിനകത്തും പുറത്തും നിന്നുള്ള വ്യവസായ നേതാക്കൾ തുടങ്ങി 1500ൽ എറെ പ്രതിനിധികൾ പങ്കെടുക്കും. ഈ രംഗത്തെ അത്യാധുനീക സേവനങ്ങൾ, ഉൽപന്നങ്ങൾ തുങ്ങിയവ അവതരിപ്പിക്കാനും ഏറ്റവും മികച്ച രീതിയിലെ ബ്രാൻഡിങിനും ഇവിടെ അവസരമുണ്ടാകും. ബ്രോക്കർമാർ, ഡെവലപർമാർ, ഭൂവുടമകൾ, നിക്ഷേപകർ, ബാങ്കർമാർ, ഉപഭോക്താക്കൾ തുടങ്ങിയവരെല്ലാം ഇവിടെയുണ്ടാകും. സമ്മേളനത്തിന്റെ ഭാഗമായുള്ള കോൺക്ലേവ് ഫെബ്രുവരി 29ന് നടക്കും. ഇന്ത്യൻ റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് കൂടുതൽ അറിവും പുതുമയും സഹകരണവും ലഭ്യമാക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് നാർ ഇന്ത്യയുടെ നിയുക്ത പ്രസിഡന്റ് അമിത് ചോപ്ര പറഞ്ഞു.

# ബോൾഡ് കാമ്പെയ്നുമായി ഓറിയന്റ്ബെൽ ടൈൽസ്

**കൊച്ചി:** ഓറിയന്റ്ബെൽ ടൈൽസ് തങ്ങളുടെ പുതിയ കാമ്പയിൻ തുടങ്ങി. 100% ടൈൽസ് എന്നും 0% സെലിബ്സ് എന്നും പേരിട്ടിരിക്കുന്ന പുതിയ കാമ്പെയ്ൻ ടൈലുകൾ മാത്രമല്ല പരസ്യത്തിലെ ആധികാരികതയുടെ സത്തയുടെ പ്രതിഫലനം കൂടിയാവുമെന്ന് ഓറിയന്റ്ബെൽ ടൈൽസിലെ ചീഫ് മാർക്കറ്റിംഗ് ഓഫീസർ അലോക് അഗർവാൾ പറഞ്ഞു.

എലിസ്റ്ററുകൾ മോഷ്ട്ടിക്കാത്ത എന്നാൽ ഒരു ഉൽപ്പന്നത്തിന്റെ കരകൗശലവും പുതുമയും ഗുണനിലവാരവുമുള്ള ഒരു സ്പോട്ട്ലൈറ്റ് ഉള്ള ഒരു ലോകത്തെ സങ്കൽപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരു പുതിയ കാമ്പയിൻ ആണ് ഓറിയന്റൽബെൽ അവതരിപ്പിക്കുന്നത്. സെലിബ് അംഗീകാരങ്ങളുടെ ആവശ്യകത അവർ മാറ്റിനിർത്തുകയും ഉപഭോക്താവിന് ശരിക്കും പ്രാധാന്യമുള്ള കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു കൊണ്ട് ടൈലുകൾക്കായി ഷോപ്പിംഗ് എളുപ്പമാക്കുന്നുവെന്നും അലോക് അഗർവാൾ പറഞ്ഞു.



# ദുബായ് സന്ദർശകർക്ക് പ്രീപെയ്ഡ് ദുബായ് പാസ്

**ദുബായ് :** ദുബായ് സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ഇനി മുതൽ ദുബായ് പാസ് ഉപയോഗിച്ച് വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കാം. 33 പ്രധാന ആകർഷണങ്ങളിലേക്ക് പണരഹിതവും തടസ്സരഹിതവുമായ പ്രവേശനം ഉറപ്പാക്കുന്ന എല്ലാം ഉൾപ്പെടുന്ന പ്രീപെയ്ഡ് കാർഡാണ് ദുബായ് പാസ്. ആഹ്ലാദകരമായ ഇൻഡോർ, ഔട്ട്ഡോർ സാഹസികതകൾ, കൂടാതെ ആകാശ, അണ്ടർവാട്ടർ ഉല്ലാസയാത്രകൾ ആസ്വദിക്കാൻ ഈ പ്രീ പെയ്ഡ് പാസ് സഹായിക്കുമെന്ന് അധികൃതർ വ്യക്തമാക്കി. ഗ്രീൻ പ്ലാനറ്റ്, ദുബായിലെ ഏറ്റവും വലിയ ഇൻഡോർ തീം പാർക്കായ ഐഎംജി വേൾഡ് ഓഫ് അഡ്വഞ്ചേഴ്സ്, ബുർജ് അൽ അറബിന് സമീപമുള്ള അറേബ്യൻ തീമിലുള്ള വൈൽഡ് വാഡി, അറ്റ്ലാന്റിസ് ദി പാംസ് അക്വാവെഞ്ചർ, ലോകമെമ്പാടുമുള്ള 27ലധികം പവലിയനുകൾ ഉൾക്കൊള്ളുന്ന ഗ്ലോബൽ വില്ലേജ് തുടങ്ങിയ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെല്ലാം ദുബായ് പാസ് ഉപകാരപ്പെടും.

ഹത്ത ഹൈക്കിങ്, ദുബായ് ദീപ ് ഡൈവിങ്, എക്സലൈൻ ദുബായ് മറീന, മുഷ്രിഫ് നാഷണൽ പാർക്ക്, ദുബായിലെ ഗോൾഡ് സൂക്ക്, സ്പൈസ് സൂക്ക്, ടെക്സ്റ്റൈൽ സൂക്ക് എന്നീ ഇടങ്ങളും വിനോദ സഞ്ചാരികൾക്കായി വിവിധ ആകർഷണങ്ങൾ ഒരുക്കുന്നു. ഗാഫ് മരങ്ങളുടെ വിശാലമായ വനങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന അവഞ്ചുറ പാർക്കുകളിലെ സിപ്ലൈൻ സാഹസികതയായാലും, അൽ ഖുദ്ര സൈക്ലിംഗ് ട്രാക്കിലെ മരുഭൂമിയുടെ പാതയിലൂടെ അറേബ്യൻ ഓറിക്സ് കാണാനുള്ള അവസരമായാലും, ദുബായിൽ അതെല്ലാം ഉണ്ട്. പഴയ ദുബായുടെ ഹൃദയഭാഗത്ത് അൽ ഖൈമ ഹെറിറ്റേജ് റെസ്റ്റോറന്റിലോ അറേബ്യൻ ടീ ഹൗസിലോ പ്രാദേശിക പൈതൃകം എല്ലാവർക്കും ആസ്വദിക്കാനായി സംരക്ഷിക്കാനുള്ള ദൗത്യത്തിന്റെ ഭാഗമായി ആധികാരിക രുചികൾ വിളമ്പുന്ന 1960കളിലെ എമിറാത്തി സംസ്കാരം പുനഃസൃഷ്ടിച്ച അൽ ഫനാർ റെസ്റ്റോറന്റിൽ എമിറാത്തി രുചികൾ ആസ്വദിക്കാനും സഞ്ചാരികൾക്ക് ഇപ്പോൾ അവസരമുണ്ട്.

ജനുവരി 26 മുതൽ ദുബായ് ഓപ്പറയിൽ സഞ്ചാരികളുടെ മനം കുളിർപ്പിക്കുന്ന വിവിധ കലാപരിപാടികൾ അരങ്ങേറും. എൻഎഫ്ടി മുതൽ ജനറേറ്റീവ് എഐ വരെ കലാലോകത്തെ രൂപപ്പെടുത്തുന്ന വിഷയങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചയുള്ള ചർച്ചകളോടെ കാഴ്ചപ്പാടുകൾ പര്യവേക്ഷണം ചെയ്യാനും വികസിപ്പിക്കാനും അവസരം നൽകുന്ന ആർട്ട് ദുബായ് 024 മാർച്ച് 1 മുതൽ 3 വരെ മദീനത്ത് ജുമൈറയിൽ നടക്കും. ടോം ആർനെൽ നയിക്കുന്ന ഗിൽഡ്, ഫ്രഞ്ച്, കരീബിയൻ സ്വാധീനങ്ങളുടെ സംയോജനം നൽകുന്ന നോല ബിജോ ബിസ്ട്രോ & ബാർ, ടിഫാനി & കോ ഡൈനിംഗ് അനുഭവം നൽകുന്ന ബ്ലൂ ബോക്സ് കഫേ, പ്രശസ്ത ഷെഫ് ഇസു അനി പരിചയപ്പെടുത്തുന്ന ഫ്രഞ്ച് പാചക സങ്കേതമായ ലാ പെറ്റൈറ്റ് ആനി, ഇന്ത്യൻ സെലിബ്രിറ്റി ഷെഫ് രൺവീർ ബ്രാർ നയിക്കുന്ന കാഷ്കാൻ തുടങ്ങിയ ഭക്ഷ്യശാലകൾ സഞ്ചാരികൾക്ക് രുചി വൈവിദ്യം പ്രദാനം ചെയ്യും.

# കേരളത്തിൽ നെറ്റ് വർക്ക് മെച്ചപ്പെടുത്തി വി

**കൊച്ചി:** ഉപഭോക്താക്കളുടെ ഉയർന്നു വരുന്ന ഈ ആവശ്യങ്ങൾ നിറവേറ്റാനായി മുൻനിര ടെലികോം ബ്രാൻഡ് ആയ വി കേരളത്തിലെ ഉപഭോക്താക്കൾക്കായി നെറ്റ് വർക്ക് അനുഭവങ്ങൾ മെച്ചപ്പെടുത്തിയതായി വോഡഫോൺ ഐഡിയ കേരളാതമിഴ്നാട് ക്ലസ്റ്റർ ബിസിനസ് മേധാവി ആർ ശാന്താറാം പറഞ്ഞു. കഴിഞ്ഞ 23 മാസങ്ങളിൽ ഉയർന്ന കാര്യക്ഷമതയുള്ള 900 മെഗാഹെർട്ട്സ് സ്പെക്ട്രമാണ് കേരളത്തിലെ 950ൽ ഏറെ സൈറ്റുകളിലായി അധികമായി സ്ഥാപിച്ചത്. ഇതിനു പുറമെ സംസ്ഥാനത്തെ 2500ൽ ഏറെ സൈറ്റുകളിൽ ശേഷിയും വർധിപ്പിച്ചു. കൊച്ചി, കണ്ണൂർ, തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം, മറ്റ് വലിയ പട്ടണങ്ങൾ എന്നിവിടങ്ങളിലെ വി ഉപഭോക്താക്കൾക്ക് വീടുകളിലും വാണിജ്യ സ്ഥലങ്ങളിലും ഉയർന്ന വ്യക്തതയുള്ള വോയ്സും ഡാറ്റയും ലഭിക്കുന്നുണ്ട്. ഇൻഡോറിലും തിരക്കേറിയ പ്രദേശങ്ങളിലും ഇതു ലഭ്യമാണ്.

ഓരോ ഇന്ത്യക്കാർക്കും മെച്ചപ്പെട്ട നാളേക്ക് ഉതകുന്ന വിധത്തിൽ ലോകോത്തര ഡിജിറ്റൽ അനുഭവങ്ങൾ നൽകാനും കണക്ട് ആയിരിക്കാനും വേണ്ടി ഏറ്റവും ഉയർന്ന പ്രതിബദ്ധതയാണ് വി പുലർത്തുന്നതെന്ന് ആർ ശാന്താറാം പറഞ്ഞു. ഈ കാഴ്ചപ്പാടുമായി ഉപഭോക്താക്കളുടെ ഉയർന്നു വരുന്ന ആവശ്യങ്ങൾ നിറവേറ്റും വിധം പുതുക്കിക്കൊണ്ടിരിക്കുന്നത് തങ്ങളുടെ രീതിയാണ്. ഭൂരിപക്ഷം കേരളീയരും വി തെരഞ്ഞെടുത്തു എന്നത് ഏറെ അഭിമാനകരമാണ്. കേരളത്തിലെ തങ്ങളുടെ ശേഷി വർധിപ്പിച്ചത് തങ്ങളുടെ വിലപ്പെട്ട ഉപഭോക്താക്കൾക്ക് ഉന്നത തലങ്ങളിലുള്ള അനുഭവം ലഭ്യമാക്കുകയും സുഗമമായ കണക്ടിവിറ്റിക്കായുള്ള ശക്തമായ നെറ്റ് വർക്ക് നൽകുകയും ചെയ്യും. ജോലി, പഠനം, സോഷ്യലൈസ്, വിനോദം, ഇകോമേഴ്സ് ആയാലും മറ്റ് ഡിജിറ്റൽ സേവനങ്ങൾ എന്നിങ്ങനെ ഏതായാലും വി നെറ്റ് വർക്കിലൂടെ ഇതു ലഭ്യമാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# നൂതന സ്റ്റൈലുകളുടെ വിപുല ശേഖരവുമായി ആമസോൺ ഫാഷൻ




**കൊച്ചി:** പുതുവർഷത്തിൽ പുതു സ്റ്റൈലുകളുടെ അതിവിപുല ശേഖരവുമായി ആമസോൺ ഫാഷൻ.

വസ്ത്രങ്ങൾ, സൗന്ദര്യ വർധക സാമഗ്രികൾ, പാദരക്ഷകൾ, ബാഗുകൾ തുടങ്ങിയവയുടെയെല്ലാം ഏറ്റവും പുതിയ ട്രെൻഡുകൾ ആമസോൺ ഫാഷനിൽ ഒരുക്കിയിട്ടുണ്ട്. പ്രമുഖമായ 1200ലേറെ ബ്രാൻഡുകളുടെ 45 ലക്ഷത്തിലധികം സ്റ്റൈലുകളിൽ ഉത്പന്നങ്ങൾ ലഭ്യം. ഏത് അഭിരുചിക്കുമനുസൃതമായി പുതുവർഷത്തിലെ സ്റ്റൈൽ ആവിഷ്കരിക്കാൻ അവസരം നൽകുന്നതാണ് ആമസോൺ ഫാഷനിലെ പുതു സ്റ്റൈൽ ശേഖരം.

ആധുനികമോ പാരമ്പരാഗതമോ ആയ ഏത് സ്റ്റൈലും ഇവിടെയുണ്ട്. ആത്മവിശ്വാസവും ട്രെൻഡും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആമസോൺ സ്റ്റൈലുകളുടെ വിശാല ശ്രേണി സജ്ജമാക്കിയിട്ടുള്ളത്. സ്റ്റൈൽ ശേഖരത്തിന്റെ സവിശേഷതയാണ് 'ഓൾ വൈറ്റ്'. ലാളിത്യവും കാര്യഗൗരവവും ശുഭാപ്തി വിശ്വാസവും ഓൾ വൈറ്റ് ട്രെൻഡ് പ്രതിഫലിപ്പിക്കുന്നു; കാലാതീത കുലീനതയെയും. സ്ത്രീകൾക്കും പുരുഷന്മാർക്കുമായി പ്രത്യേകമായി ഡിസൈൻ ചെയ്ത വാച്ചുകൾ സമകാലിക വൈബിനെ പ്രതിനിധാനം ചെയ്യുന്നു.

# ബാങ്കോക്കിലേക്ക് തായ് എയർവേയ്സിന്റെ കൊച്ചി സർവീസ്

**കൊച്ചി :** അന്താരാഷ്ട്ര വിമാനത്താവളത്തിൽ (സി.ഒ.കെ) നിന്ന് ബാങ്കോക്ക് സുവർണഭൂമി വിമാനത്താവളത്തിലേക്ക് (ബി.കെ.കെ) തായ് എയർവേയ്സിന്റെ പ്രീമിയം ക്ലാസ്സ് വിമാന ഓപ്പറേഷനുകൾ ആരംഭിക്കുന്നു. നിലവിൽ കൊച്ചി വിമാനത്താവളത്തിൽ നിന്ന് ബാങ്കോക്കിലെ ഡോൺ മുവാങ് (ഡി.എം.കെ) വിമാനത്താവളത്തിലേക്ക് എയർ ഏഷ്യയുടെ പ്രതിദിന വിമാന സർവീസുകളുണ്ട്. 2024ലെ വേനൽക്കാല ഷെഡ്യൂളിന്റെ ഭാഗമായി മാർച്ച് 31നാണ് പുതിയ സർവീസുകൾ ആരംഭിക്കുന്നത്. ആഴ്ചയിൽ മൂന്ന് ദിവസമാണ് (ബുധൻ, വെള്ളി, ഞായർ) ഈ പ്രീമിയം സർവീസുകൾ ഉണ്ടായിരിക്കുക. ഇതോടെ കൊച്ചിയിൽ നിന്ന് ബാങ്കോക്കിലേക്കുള്ള വിമാനസർവീസുകളുടെ എണ്ണം ആഴ്ചയിൽ 7ൽ നിന്ന് 10 ആയി ഉയരും. തായ്ലൻഡിലേക്ക് നേരിട്ടുള്ള ആഡംബര വിമാനയാത്രാനുഭവമാണ് യാത്രക്കാർക്ക് ഇതിലൂടെ സിയാൽ സാധ്യമാക്കുന്നത്.ഠഏ347 വിമാനം, ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ബാങ്കോക്കിൽ നിന്ന് 21:40 ന് പുറപ്പെട്ട് 00:35 ന് കൊച്ചിയിൽ എത്തിച്ചേരും. മടക്കവിമാനം ഠഏ348, കൊച്ചിയിൽ നിന്ന് 01:40 ന് പുറപ്പെട്ട് 07:35 ന് ബാങ്കോക്കിൽ എത്തിച്ചേരും.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് (സി.ഒ.കെ) സുവർണഭൂമി വിമാനത്താവളത്തിലേക്കുള്ള (ബി.കെ.കെ) തായ് എയർവേയ്സിന്റെ പുതിയ പ്രീമിയം സർവീസ്, യാത്രക്കാർക്ക് വൈവിധ്യവും സൗകര്യപ്രദവുമായ യാത്രാ ലഭ്യമാക്കുന്നതിനുള്ള സിയാലിന്റെ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലാണ്. കേരള മുഖ്യമന്ത്രിയും സിയാൽ ചെയർമാനുമായ പിണറായി വിജയൻ , മറ്റ് ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ ചേർന്ന് സിയാലിന്റെ വ്യോമവ്യോമേതര വികസന പ്രവർത്തനങ്ങൾക്കായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പുതിയ രാജ്യാന്തര ആഭ്യന്തര റൂട്ടുകൾ ഉടനടി സജീവമാക്കുന്നതിനും വൈവിധ്യമാർന്ന യാത്രാ ഓപ്ഷനുകൾ യാത്രക്കാർക്ക് ലഭ്യമാക്കുന്നതിനും ഊന്നൽ നൽകി കൊണ്ടാണിത് സജ്ജീകരിച്ചിട്ടുള്ളതെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു. രാജ്യാന്തര ആഭ്യന്തര വിമാന യാത്രാ സാധ്യതകൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇന്ത്യൻ വ്യോമയാന മേഖലയുടെ വളർച്ചക്ക് അത്യാവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇതോടൊപ്പം തന്നെ, പ്രാദേശിക റൂട്ടുകളുടെ വിപുലീകരണവും സിയാൽ നടത്തി വരുന്നു. ജനുവരി അവസാനത്തോടെ കൊച്ചിയിൽ നിന്ന് കണ്ണൂർ, മൈസൂർ, ട്രിച്ചി, തിരുപ്പതി എന്നിവിടങ്ങളിലേക്ക്, അലയൻസ് എയറിന്റെ പുതിയ സർവീസുകൾ ആരംഭിക്കുന്നു.

# പെഡികോൺ 2024: ശിൽപശാല സംഘടിപ്പിക്കാൻ ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ അറുപത്തിയൊന്നാം ദേശീയ സമ്മേളനത്തോട് അനുബന്ധിച്ച് ആസ്റ്റർ മെഡ്സിറ്റി കൊച്ചിയിൽ പ്രത്യേക ശിൽപശാല സംഘടിപ്പിപ്പിക്കുന്നു. ആസ്റ്റർ മെഡ്സിറ്റിയിലെ കുട്ടികളുടെ ആരോഗ്യവിഭാഗത്തിന്റെ നേതൃത്വത്തിൽ കൊച്ചിയിലെ പ്രമുഖ ആശുപത്രികളിൽ ശിൽപശാലകൾ നടക്കും.

ആസ്റ്റർ മെഡ്സിറ്റിയിലെ നോളജ് ഹബ്ബിൽ കുട്ടികളുടെ ചികിത്സയുമായി ബന്ധപ്പെട്ട വിവിധ ഉപവിഷയങ്ങളിൽ ഉന്നതനിലവാരമുള്ള ശില്പശാലകൾ സംഘടിപ്പിക്കും. ഡെവലപ്മെന്റൽ പീഡിയാട്രിക്സ്, കുട്ടികളുടെ ഹൃദയാരോഗ്യം, എൻഡോക്രിനോളജി, വൃക്കകളുടെ ആരോഗ്യം എന്നിവ ചർച്ചയാകും. പങ്കെടുക്കുന്നവർക്ക് നേരിട്ടുള്ള പ്രവർത്തനപരിചയം ലഭ്യമാകുന്ന തരത്തിൽ പ്രത്യേക എക്കോകാർഡിയോളജി ശില്പശാലയും പരിപാടിയോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്.

യുഎസ്, യുകെ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുൾപ്പെടെ ഇന്ത്യക്കകത്തും പുറത്തുനിന്നുമുള്ള വിദഗ്ധ ഡോക്ടർമാരാണ് ശിൽപശാലകൾക്ക് നേതൃത്വം നൽകാനെത്തുന്നത്.ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കുട്ടികളുടെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് സമഗ്രമായ പഠനാവസരമായിരിക്കും ഈ ശില്പശാലകളെന്ന് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് വിഭാഗത്തിലെ മുതിർന്ന ഡോക്ടർ ജീസൺ സി ഉണ്ണി പറഞ്ഞു. വിവിധ ഡോക്ടർമാരെ ഒരുമിച്ച് കൊണ്ടുവന്ന് അവരുടെ അറിവും അനുഭവങ്ങളും പങ്കുവെച്ച് സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കുട്ടികളുടെ ചികിത്സയിൽ ഡോ. ജീസൺ സി ഉണ്ണിയുടെ വൈദഗ്ധ്യവും അനുഭവസമ്പത്തും ആസ്റ്റർ മെഡ്സിറ്റിയിൽ നടക്കുന്ന ശിൽപശാലയുടെ നേതൃത്വത്തിലും പ്രകടമാകും.ജനുവരി 25 മുതൽ 28 വരെ കൊച്ചി ബോൾഗാട്ടിയിലെ ഗ്രാൻഡ് ഹയാത്ത് ഹോട്ടലിലാണ് പ്രധാനസമ്മേളനം നടക്കുന്നത്. ഏഴായിരം പീഡിയാട്രിക് ഡോക്ടർമാർ അണിനിരക്കുന്ന ഈ മഹാസമ്മേളനത്തിന് 26 വർഷങ്ങൾക്ക് ശേഷമാണ് കേരളം ആതിഥേയത്വം വഹിക്കുന്നത്.




കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കൗൺസിൽ കുടുംബ സംഗമം മൂവാറ്റുപുഴ പണ്ടപ്പിള്ളി ജേക്കബ്സ് കൺവെൻഷൻ സെന്ററിൽ മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു

# വ്യാപാരികൾ പൊതുസമൂഹ മനസിനൊപ്പം നിൽക്കുന്നവർ: മന്ത്രി റോഷി അഗസ്റ്റിൻ

**കൊച്ചി:**കേരളത്തിലെ പൊതുസമൂഹത്തിന്റെ മനസിനൊപ്പം നിന്നു പ്രവർത്തിക്കുന്നവരാണ് വ്യാപാരി സമൂഹമെന്ന് ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കൗൺസിൽ കുടുംബ സംഗമം മൂവാറ്റുപുഴയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡണ്ട് പി.സി ജേക്കബ് അധ്യക്ഷത വഹിച്ചു. ഏകോപന സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വ്യാപാരി കുടുംബ സുരക്ഷാ പദ്ധതി സംസ്ഥാന പ്രസിഡണ്ട് രാജു അപ്സര ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. ഡീൻ കുര്യാക്കോസ് എം.പി, മാത്യു കുഴൽനാടൻ എം.എൽ.എ, ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ: എ ജെ റിയാസ്, സ്വാഗതസംഘം ചെയർമാൻ സി.എസ് അജ്മൽ, യൂത്ത് വിംഗ് സംസ്ഥാന പ്രസിഡണ്ട് സലീം രാമനാട്ടുകര, വനിതാ വിംഗ് സംസ്ഥാന പ്രസിഡണ്ട് സുബൈദാ നാസർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ് എന്നിവർ സംസാരിച്ചു.എറണാകുളം ജില്ലയിൽ വിവിധ വ്യാപാര മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച ഇ.വി.എം ഗ്രൂപ്പ് ചെയർമാൻ ഇ.എം.ജോണി, നവ്യ ബേക്കറി ഡയറക്ടർമാരായ ബിജു ജോസഫ്, ജിജി ബിജു, വരാപ്പുഴ മേജർ ബേക്കറി ഡയറക്ടർ പ്രസന്ന വിജയൻ, ശാലോം കൺസ്ട്രക്ഷൻ ഡയറക്ടർ കെ.എ. ഷാജൻ, എസ്.ആർ ട്രെയിനിങ് കമ്പനി ചെയർമാൻ ഷൈജു.ടി. രാഘവൻ, ഗോ ഗ്രീൻ പോളിമേഴ്സ് ഡയറക്ടർമാരായ സുബിൻ മാത്യു, എബിൻ മാത്യു, പൊത്താനിക്കാട് ഭവനം നിർമ്മാണ സഹകരണ സംഘം പ്രസിഡന്റ് ജോസ് വർഗീസ് മേലേത്ത് എന്നിവരെ ചടങ്ങിൽ മന്ത്രി ആദരിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും അരങ്ങേറി.

# ഷീ ഫിറ്റ്നസ് സെന്റർ ഉദ്ഘാടനം ചെയ്തു

**മുരിയാട്**: ഗ്രാമപഞ്ചായത്തിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ നവീകരിച്ച ആനന്ദപുരത്തെ ജീവധാര ഷീ ഫിറ്റ്നസ് സെന്റർ നാടിന് സമർപ്പിച്ചു. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിത ബാലൻ ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 7.5 ലക്ഷം രൂപയാണ് നവീകരണത്തിനായി അനുവദിച്ചത്. കഴിഞ്ഞ വർഷമാണ് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ വനിതാ ഫിറ്റ്നസ് സെന്റർ ആരംഭിച്ചത്.



മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ. ചിറ്റിലപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ മുഖ്യതിഥിയായി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് രതി ഗോപി, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ വിപിൻ വിനോദൻ, ഷീന രാജൻ, പഞ്ചായത്തംഗം നിജി വത്സൻ, ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർ കെ.യു വിജയൻ, ട്രെയ്നർ സിന്ധു സാന്ദ്ര തുടങ്ങിയവർ പങ്കെടുത്തു.

# അന്താരാഷ്ട്ര ഗണിത ഒളിമ്പ്യാഡ്: നേട്ടം കൊയ്ത് ഗ്ലോബൽ പബ്ലിക് സ്കൂൾ

**കൊച്ചി:** അന്താരാഷ്ട്ര ഗണിത ഒളിമ്പ്യാഡ് ഒന്നാം ലെവലിൽ തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിനു മികച്ച നേട്ടം. സയൻസ് ഒളിമ്പ്യാഡ് ഫൗണ്ടേഷൻ (എസ് ഒ എഫ്) ഒന്നു മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് വിവിധ ഗ്രേഡുകളിലായി അന്താരാഷ്ട്ര തലത്തിൽ നടത്തിയ ആദ്യ ലെവൽ മത്സരത്തിൽ രണ്ടു വിദ്യാർത്ഥികളാണ് വിജയം നേടിയത്. ഗ്രേഡ് 2 വിഭാഗത്തിൽ എബ്രാഹം ജോയൽ വാഴക്കാട്ട് അന്താരാഷ്ട്ര തലത്തിൽ

മൂന്നാം റാങ്കും ഗ്രേഡ് 5 ൽ സാറ സുബൈർ നാലകത്ത് അന്താരാഷ്ട്ര തലത്തിൽ 20ാം റാങ്കും നേടി രണ്ടാം ലെവൽ മത്സരത്തിനു യോഗ്യത കരസ്ഥമാക്കി.ഗ്ലോബൽ പബ്ലിക് സ്കൂൾ രണ്ടാം ക്ലാസ് വിദ്യാർത്ഥിയായ എബ്രാഹം ജോയൽ വാഴക്കാട്ട് ഡോ ജോയൽ ദേവസ്യ വാഴക്കാട്ടിന്റെയും ഡോ ജൂലിൻ റോസ് ആന്റണിയുടെയും മകനാണ്. ഏബ്രാഹമിന് വെങ്കല മെഡലും ക്യാഷ് പ്രൈസും പ്രശസ്തി പത്രവും സമ്മാനിക്കും. അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയായ സാറ സുബൈർ നാലകത്ത് ഡോ. സുബൈർ ഉമർ മുഹമ്മദിന്റെയും ഡോ. രെഹ്ന റഷീദിന്റെയും മകളാണ്. അടുത്ത മാസം 11 നാണ് രണ്ടാം ലെവൽ മത്സരങ്ങൾ.

# അയോധ്യയിലെ ശ്രീരാമ ക്ഷേത്രത്തെ പ്രകാശപൂരിതമാക്കി ഹാവെൽസ്

**കൊച്ചി:** അയോധ്യ ശ്രീരാമ ക്ഷേത്രത്തിലെ ലൈറ്റിങ് പദ്ധതി ഹാവെൽസ് പൂർത്തീകരിച്ചു. അത്യാധുനീക ലൈറ്റിങ് സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. വിതരണം, ഇൻസ്റ്റലേഷൻ,പരിശോധന, കമ്മീഷനിങ് എന്നിവ ഏറ്റവും അത്യാധുനീക രീതിയിലാണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് ഹാവെൽസ് ഇന്ത്യ പ്രസിഡന്റ് പരാഗ് ഭട്നാഗർ പറഞ്ഞു.  ഹാവെൽസ് ചെയ്തത്. ഇവിടെയുള്ള നിർമിതിക്ക് അനുയോജ്യമായ രീതിയിൽ സവിശേഷമായി തയ്യാറാക്കിയ ലൈറ്റിങ് സംവിധാനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.




# റിപ്പബ്ലിക് ദിന ക്യാഷ്ബാക്ക് ഓഫർ പ്രഖ്യാപിച്ച് ന്യൂഗോ

ന്യൂഡൽഹി: ഗ്രീൻസെൽ മൊബിലിറ്റിയുടെ പ്രീമിയം ഇന്റർസിറ്റി ഇലക്ട്രിക് കോച്ച് സേവനമായ ന്യൂഗോ, റിപ്പബ്ലിക് ദിന ക്യാഷ്ബാക്ക് ഓഫർ പ്രഖ്യാപിച്ചു.

2024 ജനുവരി 26ന് ന്യൂഗോയിൽ ഒരു ഇന്റർസിറ്റി ട്രിപ്പ് ബുക്ക് ചെയ്യുകയും യാത്ര പൂർത്തിയാക്കുകയും ചെയ്യുന്ന 75 ഭാഗ്യശാലികൾക്ക് അവരുടെ ടിക്കറ്റ് നിരക്കിൽ 100% ക്യാഷ്ബാക്ക് ലഭിക്കും. 1 മാസത്തിനുള്ളിൽ അവരുടെ അടുത്ത ന്യൂഗോ ബുക്കിംഗിന് സൗജന്യ റൈഡ് ലഭിക്കാൻ ഈ ക്യാഷ്ബാക്ക് ഉപയോഗിക്കാം.

ഒരു വിമാന യാത്രയുടെ സുഖസൗകര്യങ്ങൾ പരിസ്ഥിതി സൗഹൃദ മൊബിലിറ്റിയുടെ ധാർമ്മികതയുമായി ന്യൂഗോ സമന്വയിപ്പിക്കുന്നു. യാത്രക്കാർക്ക് സുരക്ഷയും സമഗ്രമായ സൗകര്യവും വാഗ്ദാനം ചെയ്യുന്ന ന്യൂഗോ കോച്ചുകളിൽ അത്യാധുനിക സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

## അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ നിയമനം; അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** പട്ടിക വർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതന പദ്ധതിയായ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ നിയമനത്തിന് അർഹരായ പട്ടികവർഗ്ഗ യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സിവിൽ എഞ്ചിനീയറിങ് ബിരുദം/ ഡിപ്ലോമ/ ഐടിഐ സർട്ടിഫിക്കറ്റ് എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 21 നും 35 നും മദ്ധ്യേ പ്രായപരിധിയിലുള്ളവർക്ക് അപേക്ഷിക്കാം. നിയമന കാലാവധി ഒരു വർഷം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ, ജാതി, വിദ്യാഭ്യാസം, യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ജനുവരി 31 നകം ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ: 0480 2706100.

## ജി എസ് ടി യൂസിങ് ടാലി കോഴ്സ്; അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** കൊടകര ബ്ലോക്ക് പഞ്ചായത്ത് 202324 ജനകീയ ആസൂത്രണ പദ്ധതിയിലെ നൈപുണ്യ വികസന പരിശീലന പരിപാടിയായ 'വൈജ്ഞാനിക' യുടെ ഭാഗമായി ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനുമായി ചേർന്ന് മൂന്ന് മാസം ദൈർഘ്യമുള്ള ജി എസ് ടി യൂസിങ് ടാലി കോഴ്സ് നടത്തുന്നു. 75 ശതമാനം സൗജന്യ നിരക്കിൽ നടത്തുന്ന പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകും. ഫെബ്രുവരി ആദ്യ ആഴ്ചയിൽ പരിശീലനം ആരംഭിക്കും. കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ള പ്ലസ് ടു അല്ലെങ്കിൽ ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൊടകര ബ്ലോക്ക് പഞ്ചായത്തിൽ ജനുവരി 30 ന് 5 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കണം.

## തൃശൂർ ജില്ലാ ക്ഷീരസംഗമം 25 മുതൽ 27 വരെ

**തൃശൂർ:** ക്ഷീരവികസന വകുപ്പിന്റെയും ക്ഷീരസഹകരണ സംഘങ്ങളുടെയും ക്ഷീരകർഷകരുടെയും സംയുക്താഭിമുഖ്യത്തിൽ ത്രിതല പഞ്ചായത്തുകളുടെയും ക്ഷീരമേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ജനുവരി 25, 26, 27 തീയതികളിലായി പഴയന്നൂർ ബ്ലോക്കിലെ എളനാട് ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തൃശൂർ ജില്ലാ ക്ഷീരസംഗമം 2024 സംഘടിപ്പിക്കുന്നു. ജനുവരി 27ന് രാവിലെ 10 ന് ചേലക്കര ശ്രീമൂലം തിരുനാൾ സ്കൂൾ ഗ്രൗണ്ടിൽ ഉദ്ഘാടനം മന്ത്രി ചിഞ്ചുറാണി നിർവഹിക്കും. ദേവസ്വം, പട്ടികജാതി പട്ടികവർഗപിന്നാക്കക്ഷേമപാർലമെന്ററികാര്യ വകുപ്പ് മന്ത്രി കെ.രാധാകൃഷ്ണൻ അധ്യക്ഷനാകും. റവന്യൂഭവനനിർമാണ മന്ത്രി കെ.രാജൻ ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് ഡോ.ആർ.ബിന്ദു, രമ്യ ഹരിദാസ് എം.പി എന്നിവർ മുഖ്യാതിഥികളാവും.

ജനുവരി 25ന് എളനാട് ക്ഷീരസംഘം പരിസരത്ത് കന്നുകാലി പ്രദർശനം, ഗവ്യജാലകം നടത്തും. കറവപ്പശുക്കൾ, കിടാരികൾ, നാടൻ പശുക്കൾ, എരുമകൾ എന്നീ ഇനങ്ങളിൽ കന്നുകാലി പ്രദർശനവും സംഘടിപ്പിക്കുന്നു. വാക്സിനേഷൻ നടത്തിയ ഉരുക്കളെ മാത്രമാണ് പങ്കെടുപ്പിക്കുക. പ്രദർശന മത്സരത്തിന് എത്തുന്ന ഉരുക്കൾക്ക് സൗജന്യ കാലിത്തീറ്റയും വിതരണം ചെയ്യും. എളനാട് പോർക്കുളം കൺവെൻഷൻ സെന്ററിൽ ക്ഷീരസഹകാരികൾക്കും ക്ഷീരസംഘം ജീവനക്കാർക്കുമുള്ള ശില്പശാല, ഡയറി ക്വിസ്, നാട്ടിലെ ശാസ്ത്രം എന്ന വിഷയത്തില ധിഷ്ഠിതമായ മുഖാമുഖം പരിപാടി, ക്ഷീരകർഷകരുടെ സംവാദ പരിപാടിയായ ക്ഷീരകർഷക പാർലമെന്റ് എന്നിവയും നടക്കും.

ക്ഷീരമേഖലയുടെ പ്രാധാന്യം സ്കൂൾ വിദ്യാർഥികളിലേക്ക് എത്തിക്കുന്നതിന് ജനുവരി 26ന് ചേലക്കര ശ്രീമൂലം തിരുനാൾ സ്കൂൾ ഹാളിൽ വിവിധ മത്സരങ്ങൾ (ഉപന്യാസം, ചിത്രരചന, ഡയറി ക്വിസ്, ബോധവത്കരണ ക്ലാസ്) സംഘടിപ്പിക്കും. വൈകിട്ട് നാലിന് സാംസ്കാരികഘോഷയാത്ര ക്ഷീരവ്യവസായവിപണനവിജ്ഞാന രംഗത്തെ പുത്തൻ സാങ്കേതിക വിദ്യകളും അറിവുകളും പങ്കുവെയ്ക്കുന്ന 50ഓളം സ്റ്റാളുകൾ ഒരുക്കിയ ഡയറി എക്സിബിഷൻ നടക്കും. വൈകിട്ട് ആറിന് സാംസ്കാരിക സായാഹ്നം സിനിമ സംവിധായിക ശ്രുതി ശരണ്യം ഉദ്ഘാടനം ചെയ്യും. കേരള കലാമണ്ഡലം രജിസ്ട്രാർ ഡോ. പി രാജേഷ് കുമാർ, പൈങ്കുളം നാരായണ ചാക്യാർ എന്നിവർ സാംസ്കാരിക സായാഹ്നത്തിൽ പങ്കെടുക്കും. വിവിധ പരിപാടികളിലായി ജില്ലയിലെ എം.എൽ.എമാർ, തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾ, ക്ഷീരസഹകാരികൾ, ശാസ്ത്ര സാങ്കേതിക വിദഗ്ധർ എന്നിവർ സംബന്ധിക്കും.

ജില്ലയിലെ മികച്ച ക്ഷീര കർഷകനായി പുഴയ്ക്കൽ ബ്ലോക്കിൽ നിന്നുള്ള എൻ.ജി ഗോപാലകൃഷ്ണൻ തിരഞ്ഞെടുക്കപ്പെട്ടു. മികച്ച ആപ്കോസ് സംഘമായി ഇരിങ്ങാലക്കുട ബ്ലോക്കിലെ ആനന്ദപുരം ക്ഷീരസംഘത്തെ തിരഞ്ഞെടുത്തു.




## ഇന്ത്യയിലെ ആദ്യ തദ്ദേശീയ ഹെപ്പറ്റൈറ്റിസ് എ വാക്സിൻ ഹാവിഷുവർ പുറത്തിറക്കി ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ്

**ഹൈദരാബാദ്:** നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് (ഐഐഎൽ), ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ഹെപ്പറ്റൈറ്റിസ് എ വാക്സിൻ 'ഹാവിഷുവർ' പുറത്തിറക്കി.

ഐഐഎല്ലിന്റെ ശാസ്ത്രജ്ഞരുടെയും ഗവേഷകരുടെയും വിപുലമായ ഗവേഷണവികസന ശ്രമങ്ങളുടെ ഫലമാണ് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത 'ഹാവിഷുവർ'. ഹെപ്പറ്റൈറ്റിസ് എ ഒരു വൈറൽ അണുബാധയാണ്, മലിനമായ ഭക്ഷണമോ വെള്ളമോ ഉള്ളിൽ പ്രവേശിക്കുന്നതിലൂടെയാണ് പകരുന്നത്.

പ്രാഥമികമായി കരളിനെ ബാധിക്കുന്ന ഹെപ്പറ്റൈറ്റിസ് എ വൈറസിനെ പ്രതിരോധിക്കാൻ 'ഹാവിഷുവർ' നിർണായക പങ്ക് വഹിക്കും. സാധാരണ പ്രതിരോധ കുത്തിവയ്പ്പിൽ കുട്ടികൾക്ക് ശുപാർശ ചെയ്യുന്നു. ഇത് രണ്ട് ഡോസ് വാക്സിൻ ആണ്, അതിൽ ആദ്യത്തെ ഡോസ് 12 മാസത്തിന് മുകളിലുള്ളപ്പോൾ നൽകുകയും രണ്ടാമത്തെ ഡോസ് ആദ്യത്തെ ഡോസ് കഴിഞ്ഞ് കുറഞ്ഞത് 6 മാസത്തിന് ശേഷം നൽകുകയും ചെയ്യുന്നു.

രോഗ വ്യാപനം ഉയർന്നതോ ഉയരാൻ സാധ്യതയുള്ളതോ ആയ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്ന വ്യക്തികൾക്കും വാക്സിൻ ശുപാർശ ചെയ്യുന്നു. ഇതുകൂടാതെ, തൊഴിൽപരമായി അണുബാധയ്ക്കുള്ള സാധ്യതയുള്ളവർക്കും വിട്ടുമാറാത്ത കരൾ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്കും ഹെപ്പറ്റൈറ്റിസ് എ വാക്സിനേഷൻ ആവശ്യമാണ്.

ഹൈദരാബാദിലെ ഹയാത്ത് പ്ലേസിൽ നടന്ന ചടങ്ങിൽ വാക്സിൻ പുറത്തിറക്കി. ചടങ്ങിൽ നാഗരാജ് കർപൻ എംഎൽഎയും തെലങ്കാനയിലെ ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ചെയർമാൻ ശ്രീ അജയ് മിശ്രയും മുഖ്യാതിഥികളായിരുന്നു.




## കോലഴിയിൽ സ്പോർട്സ് പാർക്ക് ഒരുങ്ങുന്നു

**തൃശൂർ:** കോലഴി ഗ്രാമപഞ്ചായത്തിൽ ഒരുങ്ങുന്ന കോലഴി സ്പോർട്സ് പാർക്കിന്റെ നിർമ്മാണ ഉദ്ഘാടനം സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ നിർവഹിച്ചു. കോലഴി സ്പോർട്സ് പാർക്ക് പരിസരത്ത് നടന്ന പരിപാടിയിൽ കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലക്ഷ്മി വിശ്വംഭരൻ അധ്യക്ഷയായി. ഗ്രാമ പഞ്ചായത്തിന്റെ 'കോലഴിക്കായി ഒരു കളിയിടം' പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി എംഎൽഎ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ച് പ്രവർത്തനങ്ങൾക്ക് തുടക്കമായി. എട്ടാം വാർഡിലെ അത്തേക്കാടിൽ നിർമ്മിക്കുന്ന സ്പോർട്സ് പാർക്കിന്റെ ഗ്രൗണ്ട് 36.5 മീറ്റർ നീളത്തിലും 28 മീറ്റർ വീതിയിലും മണ്ണ് നിറച്ച് മഡ് കോർട്ട് നിർമ്മിക്കും. ഗ്രൗണ്ടിനു ചുറ്റും നടപ്പാതകളും ഗ്രൗണ്ടിന് ചുറ്റും മുകളിലുമായി നെറ്റും സ്ഥാപിക്കും. 244 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ ഓഫീസ് റൂം, ഡ്രസ്സിംഗ് റൂം, രണ്ട് ടോയ്ലറ്റുകൾ എന്നിവയും നിർമ്മിക്കും. ബോർവെൽ കുഴിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഘട്ടം ഘട്ടമായുള്ള പ്രവർത്തനത്തിലൂടെ കോലഴിയിലെ സ്പോർട്സ് പാർക്കായി അത്തേക്കാട് സ്റ്റേഡിയത്തെ മാറ്റുകയാണ്. കോലഴി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ഡി വികാസ് രാജ് സ്വാഗതം പറഞ്ഞ ചടങ്ങിൽ ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളായ നിജ ജയകുമാർ, സുനിത വിജയഭാരത്, ഉഷാ രവീന്ദ്രൻ, വാർഡ് മെമ്പർമാരായ ബീന രാധാകൃഷ്ണൻ, ടി.കെ കൃഷ്ണൻകുട്ടി ശ്രുതി സജി, അഭിരാമി സുരേഷ്, പീതാംബരൻ, രതി രവി, പ്രകാശ് ഡി. ചിറ്റിലപ്പിള്ളി, പി. എ ലോനപ്പൻ, സെക്രട്ടറി പി. വത്സകുമാർ തുടങ്ങിയവർ പങ്കെടുത്തു.

### സമുദ്രജൈവവിധ്യത്തെ അടുത്തറിയാം

# വിദ്യാർത്ഥികൾക്കും യുവഗവേഷകർക്കും സിഎംഎഫ്ആർഐയുടെ ശാസ്ത്രപാഠം

**കൊച്ചി:** ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കും യുവഗവേഷകർക്കും സമുദ്രജൈവവൈവിധ്യത്തെക്കുറിച്ച് ശാസ്ത്രീയ അറിവുകൾ പകർന്ന് നൽകാനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

കാലാവസ്ഥാവ്യതിയാനം ഉൾപ്പെടെ വർധിച്ചുവരുന്ന വെല്ലുവിളികൾക്കിടയിൽ കടൽജൈവവിധ്യത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച ശാസ്ത്രീയപാഠങ്ങൾ പുതുതലമുറയിലെത്തിക്കുകയാണ് ലക്ഷ്യം.'നോ യുവർ മറൈൻബയോഡൈവേഴ്സിറ്റി ആന്റ് എൺവയൺമെന്റ്' എന്ന പേരിൽ അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി ഫെബ്രുവരി അഞ്ച് മുതൽ ഒമ്പത് വരെ സിഎംഎഫ്ആർഐയിൽ നടക്കും. സമുദ്ര ജൈവവൈവിധ്യം, ടാക്സോണമി, പാരിസ്ഥിതിക വെല്ലുവിളികൾ തുടങ്ങിയവയെ കുറിച്ച് ആഴത്തിലുള്ള ധാരണ നൽകും. കടൽ വിഭവങ്ങൾ വിലയിരുത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ശാസ്ത്രീയ കഴിവുകൾ സ്വന്തമാക്കുന്നതിനും പരിശീലനം നൽകും. പവിഴപ്പുറ്റുകളുടെ വൈവിധ്യം, സമുദ്ര സസ്തനി സംരക്ഷണം, കടൽ മത്സ്യത്തെ തിരിച്ചറിയൽ, കടലാമ സംരക്ഷണം, മാലിന്യനിർമാർജ്ജനരീതി എന്നിവയുൾപ്പെടെ നിരവധി മേഖലയിലെ ശാസ്ത്രപാഠങ്ങൾ പകർന്നുനൽകും.

സമുദ്രജൈവവിധ്യം ശാസ്ത്രീയമായി അടുത്തറിയാൻ സഹയകരമാകുന്ന ഈ പരിശീലനപരിപാടിക്ക് കാലാവസ്ഥാ വ്യതിയാനവും മലിനീകരണവും ഉൾപ്പെടെ വർധിച്ചുവരുന്ന ഭീഷണികളുടെ പശ്ചാത്തലത്തിൽ ഏറെ പ്രാധാന്യമുണ്ടെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഇക്കാര്യത്തിലെ ശാസ്ത്രീയ അറിവുകൾആഗോള ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറക്കുന്നതിനുമുള്ള മുന്നൊരുക്കങ്ങൾക്ക് ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു.പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സിഎംഎഫ്ആർഐയുടെ വെബ്സൈറ്റിൽ (www.cmfri.org.in) നൽകിയ ഗൂഗിൾ ഫോം ഉപയോഗിച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. അവസാന തീയതി ജനുവരി 29. പരമാവധി 30 പേർക്ക് പങ്കെടുക്കാം. ഡോ. മിറിയം പോൾ ശ്രീറാമാണ് കോഴ്സ് കൺവീനർ. ഫോൺ 8301048849.

# ഇംഗ്ലീഷ് ഭാഷാ പഠനം ലളിതമാക്കുന്നതിന് ഗ്രാമോത്സവങ്ങളുമായി ബാക്ക്അപ്പ് പദ്ധതി

**കോഴിക്കോട്:** ഇംഗ്ലീഷ് ഭാഷാ പഠനം ലളിതമാക്കുന്നതിന് ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുന്നു. ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ പ്രത്യേക വിദ്യാഭ്യാസ പരിപാടിയായ ബാക്ക്അപ്പിന്റെ ഭാഗമായാണ് ഗ്രാമോത്സവങ്ങൾ നടക്കുന്നത്. മംഗലാപുരം സെന്റ് ആൻസ് കോളേജിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന 30 അംഗ ടീമിനൊപ്പം മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് മൂന്ന് ദിവസം ക്ലാസ് മുറികളിലും സാമൂഹ്യ വേദികളിലും ഇടപഴുകി പെരുമാറാൻ അവസരം നൽകുന്നതാണ് ഇംഗ്ലീഷ് ഗ്രാമോത്സവം.

മണ്ഡലത്തിലെ തെരെഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നിന്നുള്ള 150 വിദ്യാർത്ഥികൾ അതിഥികളോടൊപ്പം സ്ഥിരമായി ഗ്രാമോത്സവത്തൽ പങ്കെടുക്കും. മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകരും ഉത്സവവേദികളായ മൂന്ന് സ്കൂളുകളിൽ നിന്നും 50 വീതം അമ്മമാരും ഉൾപ്പെടെ 300 പേർ ഓരോ ദിവസവും ഉത്സവ പരിപാടികളിൽ പങ്കാളികളായിരിക്കും.

ജനുവരി 26 ന് കോക്കല്ലൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളും 27 ന് കിനാലൂർ ജി.യു.പി സ്കൂളും, 28 ന് കോട്ടൂർ എ.യു.പി സ്കൂളും ഗ്രാമോത്സവത്തിന്റെ വേദികൾ ആവും. എം.എൽ.എയുടെ 'ബാക്ക് അപ്പ് എക്സലൻസ് അവാർഡ്' പ്രോഗ്രാമിൽ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രത്യേക പരിപാടികൾ തയ്യാറാക്കി സമർപ്പിച്ച സ്കൂളുകളെയാണ് ഗ്രാമോത്സവം വേദികളായി തെരെഞ്ഞെടുത്തിട്ടുള്ളത്.

സ്കൂളിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് മികച്ച തനത് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്കൂളുകളെ അനുമോദിക്കുന്നതിനാണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചേഴ്സ് ഇന്റർ ആക്ഷൻ ഫോറം ആണ് ഗ്രാമോത്സവത്തിന് സാങ്കേതിക പിന്തുണ നൽകുന്നത്. മുൻ എസ് സി ആർ ടി അംഗം ആർ.ഭാസ്കരൻ നായർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് അധ്യാപകൻ എൻ.കെ ബാലൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ എൽറ്റിഫ് ഫാക്കൽട്ടി അംഗങ്ങൾ ഉത്സവപരിപാടികളുടെ ദിശാഗതി നിയന്ത്രണവും മൂല്യനിർണ്ണയവും നട നടത്തും. ഇത്തവണ ഗ്രാമോത്സത്തിൽ പങ്കാളികളാകുന്ന അധ്യാപരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും അനുഭവം പ്രയോജനപ്പെടുത്തികൊണ്ട് ഇംഗ്ലീഷ് ഗ്രാമോത്സവം മറ്റു സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ബാക്ക്അപ്പ് പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്



# ചെങ്ങന്നൂർ പമ്പ സ്പെഷൽ സർവീസ്: വരുമാനം 7.93 കോടി

**ചെങ്ങന്നൂർ:** ശബരിമല തീർഥാടനകാലത്ത് ചെങ്ങന്നൂർപമ്പ സ്പെഷൽ സർവീസിലൂടെ കെ എസ്ആർടിസിക്ക് ഒരുകോടി രൂപ അധികവരുമാനം മുൻ വർഷത്തെക്കാൾ ലഭിച്ചു. യാത്രക്കാരുടെയും ട്രിപ്പുകളുടെയും എണ്ണത്തിലും വർധനയുണ്ടായി. ഈ സീസണിൽ 7,93,01,679 രൂപയാണു വരുമാനമായി ലഭിച്ചത്. മുൻ വർഷം 6,90,58,970 രൂപ ലഭിച്ചസ്ഥാനത്താണിത്.

കഴിഞ്ഞവർഷം 9,296 ട്രിപ്പുകൾ നടത്തിയെങ്കിൽ ഈ വർഷം 10,292 ട്രിപ്പുകളാണ് ഓടിച്ചത്. യാത്രക്കാരുടെ എണ്ണത്തിലും വലിയ വർധനയാണുണ്ടായത്. കഴിഞ്ഞവർഷം 4,67,349 തീർഥാടകരാണു കെഎസ്ആർടിസി ബസിനെ ആശ്രയിച്ചതെങ്കിൽ ഈ വർഷം 5,30,845 പേരാണു യാത്രചെയ്തത്. ടിക്കറ്റു വരുമാനത്തിലുണ്ടായ വർധന കെഎസ്ആർടിസിയെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണ്. നിരക്കു കൂട്ടാതെയാണു 10,242,709 രൂപ അധികമായി ലഭിച്ചത്. കഴിഞ്ഞവർഷം 55 ബസുകളാണ് ഓടിച്ചതെങ്കിൽ ഈ വർഷം 65 ബസുകളാണ് സർവീസിനുണ്ടായിരുന്നത്.

ഇതര സംസ്ഥാനങ്ങളിൽനി ന്നുള്ള തീർഥാടകർ വർധിച്ചതാണു കെഎസ്ആർടിസിക്കു നേട്ടമായത്. ചെന്നൈ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നു റെയിൽവേ പ്രത്യേക ട്രെയിനുകൾ കൂടുതലായി ഓടിച്ചപ്പോൾ മുൻവർഷത്തെക്കാൾ കൂടുതൽ തീർഥാടകർ ചെങ്ങന്നൂരിലിറങ്ങി.

റെയിൽവേയും കെഎസ്ആർടി സിയും ഒരുമിച്ചു പ്രവർത്തിച്ചതിനാൽ തീർഥാടകരെ ബുദ്ധി മുട്ടിക്കാതെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചു. റെയിൽവേയിൽ നിന്നുള്ള വിവരത്തിൻറെ അടിസ്ഥാനത്തിൽ ബസുകളുടെ എണ്ണം ക്രമീകരിച്ചിരുന്നു. പ്രത്യേക തീവണ്ടിയിൽ വരുന്ന തീർഥാടകർക്കായി 18 ബസുകൾവരെ കെഎസ്ആർടിസി തയാറാക്കി നിർത്തിയിരുന്നു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com